പത്രപ്രസ്താവന

ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001
നവംബർ 18, 2019

**1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A, 56 വകുപ്പുകൾ പ്രകാരമുള്ള ഡയറക്ഷൻ - മപുസ അർബൻ കോ -ഓപ്പറേറ്റീവ് ബാങ്ക് ഓഫ് ഗോവ Ltd, - കാലാവധി ദീർഘിപ്പിച്ചിരിക്കുന്നു**

1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A (1), 56 എന്നീ വകുപ്പുകൾ പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ജൂലൈ 24, 2015 ലെ ഡയറക്റ്റീവ് DCBS.CO.BSD-I No.D-06/12.22.156/2015-16 പ്രകാരം മപുസ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന് മേൽ ഡയറക്ഷൻ പുറപ്പെടുവിച്ചിരുന്നത്. കാലാകാലങ്ങളിൽ കാലാവധി ദീർഘിപ്പിക്കുകയും അവസാനമായി ഓഗസ്റ്റ് 13, 2019ലെ ഡയറക്റ്റീവ് DCBR.CO.AID/D-08/12.22.156/2019-20 പ്രകാരം പുനരവലോകനത്തിനു വിധേയമായി നവംബർ 18, 2019 വരെ ഡയറക്ഷന്റെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

മപുസ അർബൻ കോ -ഓപ്പറേറ്റീവ് ബാങ്കിന് വേണ്ടി പുറപ്പെടുവിച്ച ജൂലൈ 24, 2015 ലെ ഡയറക്റ്റീവ്ന്റെ (DCBS.CO.BSD-I No.D06/12.22.156/2015-16) കാലാവധി പൊതുജന താല്പര്യാർത്ഥം മൂന്നു മാസത്തേക്ക് കൂടി ദീർഘിപ്പിക്കേണ്ടത് ആവശ്യമാണെന്ന് റിസർവ് ബാങ്കിന് ബോധ്യമായ കാര്യം പൊതുജനങ്ങളെ അറിയിക്കുന്നു. അതിനാൽ 1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A (1), 56 എന്നീ വകുപ്പുകൾ പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് മപുസ അർബൻ കോ -ഓപ്പറേറ്റീവ് ബാങ്കിന് വേണ്ടി പുറപ്പെടുവിച്ച ജൂലൈ 24, 2015 ലെ ഡയറക്റ്റീവ്ന്റെ കാലാവധി കാലാകാലങ്ങളിൽ ദീർഘിപ്പിച്ച് അവസാനമായി കാലാവധി നവംബർ 18, 2019 വരെ ആയിരുന്നത് നവംബർ 19, 2019 മുതല് ഫെബ്രുവരി 18, 2020 വരെയുള്ള മൂന്നു മാസ കാലയളവിലേക്ക് കൂടി പുനരവലോകനത്തിനു വിധേയമായി ഭാരതീയ റിസർവ് ബാങ്ക് ദീർഘിപ്പിച്ചിരിക്കുന്നു.

ഡയറക്ഷനിലെ മറ്റെല്ലാ നിബന്ധനകളും യാതൊരു മാറ്റവുമില്ലാതെ തുടരുന്നതാണ്.

(യോഗേഷ് ദയാൽ)
ചീഫ് ജനറൽ മാനേജർ

പത്രപ്രസ്താവന: 2019-2020/1211